**<u>15 -ാം കേരള നിയമസഭ</u>**

**<u>9 -ാം സമ്മേളനം</u>**

**<u>നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2879</u>** **<u>14-09-2023 - ൽ മറുപടിയ്ക്ക്</u>**

**<u>സോളാർ വേലി നിർമ്മാണത്തിലെ ക്രമക്കേടുകൾ</u>**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. റോജി എം. ജോൺ | | ശ്രീ . കെ . കൃഷ്ണൻകുട്ടി<br>(വൈദ്യുതി വകുപ്പ് മന്ത്രി) | |
| (എ) | വയനാട്ടിൽ സോളാർ വേലി നിർമ്മിച്ചതിലെ ക്രമക്കേടുകൾ കണ്ടെത്തിയതിനെ തുടർന്ന് അനെർട്ടിലെ ഏതെങ്കിലും ഉദ്യോഗസ്ഥനെതിരെ കർശന വകുപ്പുതല നടപടി സ്വീകരിക്കാൻ സംസ്ഥാന വിജിലൻസ് വകുപ്പ് ആവശ്യപ്പെട്ടിരുന്നോ; എങ്കിൽ ഇതിന്റെ വിശദാംശങ്ങൾ നൽകാമോ; | (എ) | വയനാട് ജില്ലയിൽ അനെർട്ട്സൗരോർജ്ജ വേലി നിർമ്മിച്ചതിലെ ക്രമക്കേടുകൾ സംബന്ധിച്ച വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോയുടെ പ്രാഥമിക അന്വേഷണ റിപ്പോർട്ടിൽ ശിപാർശ ചെയ്തിട്ടുള്ളതിൻ പ്രകാരം അനെർട്ട് ആസ്ഥാന കാര്യാലയത്തിലെ ശ്രീ. ആർ. രാജേഷ്, പ്രൊജക്ട് ഓഫീസർക്ക് എതിരെ കർശനമായ വകുപ്പ് തല നടപടികൾ സ്വീകരിച്ച് സർക്കാരിൽ റിപ്പോർട്ട് ചെയ്യുവാൻ 06/06/2019-ലെ പി.എസ്-2/52/2019/ ഊ.വ. നമ്പർ കത്ത് പ്രകാരം ആവശ്യപ്പെട്ടിരുന്നു. വയനാട് ജില്ലയിൽ സോളാർ ഫെൻസിംഗ് സംവിധാനം ഡെപ്പോസിറ്റ് വർക്ക് ആയി അനെർട്ട് നിർമ്മിച്ചതിൽ ആരോപണം ഉന്നയിച്ചാണ് വയനാട് ജില്ലാ പഞ്ചായത്ത് വിജിലൻസിൽ പരാതി നൽകിയത്. ഇത് സംബന്ധമായ പ്രാഥമിക അന്വേഷണ റിപ്പോർട്ടിലാണ് ഈ ശിപാർശ. മേൽപ്പറഞ്ഞ ഉദ്യോഗസ്ഥനെതിരെ ചുവടെ ചേർക്കുന്ന മൂന്ന് വീഴ്ചകളാണ് ചൂണ്ടിക്കാണിച്ചിട്ടുള്ളത്.<br><br>1. കോൺട്രാക്ടർ സമർപ്പിച്ച deviation statement പരിഗണിക്കാതെയാണ് agreement execute ചെയ്തത് .<br><br>2. പ്രവൃത്തിയുടെ നിർവ്വഹണത്തിൽ നിന്നും അനെർട്ട് ജില്ലാ ഓഫീസിനെ അനെർട്ടിന്റെ കേന്ദ്ര കാര്യാലയം മാറ്റി നിർത്തി. ഇത് പ്ലാനിംഗിന്റെയും, മേൽ നോട്ടത്തിന്റെയും അഭാവത്തിന് ഇടയുണ്ടാക്കി.<br><br>3. ടെൻഡർ വ്യവസ്ഥ പ്രകാരം വേറെ ഒരു ഏജൻസിക്കു മെയിന്റനൻസ് പണി നല്കിയില്ല.<br><br>കോൺട്രാക്ടർ നൽകിയ EMD, സെക്യൂരിറ്റി തുക എന്നിവ റദ്ദ് ചെയ്യാനും പ്രസ്തുത തുക സിസ്റ്റത്തിന്റെ മെയിന്റനൻസിനായി വിനിയോഗിക്കുന്നതിനും നിർദ്ദേശം ഉണ്ടായിരുന്നു. കൂടാതെ ജില്ലാ പഞ്ചായത്ത് |

| | | | |
|---|---|---|---|
| | | | സെക്രട്ടറി, വേലികളുടെ മെയിന്റനൻസിനായി ഗുണഭോക്തൃ കമ്മിറ്റികൾ രൂപീകരിക്കണ മെന്നും വിജിലൻസ് നിർദ്ദേശിച്ചിരുന്നു. |
| (ബി) | പ്രസ്തുത ഉദ്യോഗസ്ഥനെതിരെ അനെർട്ടിൽ അച്ചടക്ക നടപടി തുടങ്ങിയതെന്നാണ്; ഉദ്യോഗസ്ഥനെ അന്വേഷണ വിധേയമായി സസ്പെൻഡ് ചെയ്യുകയുണ്ടായോ; വിശദമാക്കമോ; | (ബി) | 04.07.2019 തീയതിയിൽ കുറ്റപത്രവും കുറ്റാരോപണ മെമ്മോയും നൽകിക്കൊണ്ട് അനെർട്ട് ടിയാനെതിരെയുള്ള അച്ചടക്ക നടപടികൾ ആരംഭിച്ചിട്ടുള്ളതാണ്. സുപ്രധാന ഫയലുകളും സോളാർ ഫെൻസിംഗ് സംബന്ധമായ ഫയലുകളും കൈകാര്യം ചെയ്യുന്നതിൽ നിന്നും ഈ ഉദ്യോഗസ്ഥനെ മാറ്റി നിർത്തിയിരുന്നു. അന്വേഷണ വിധേയമായി ഉദ്യോഗസ്ഥനെ സസ്പെൻഡ് ചെയ്തിരുന്നില്ല. |
| (സി) | അച്ചടക്ക നടപടി പുരോഗമിക്കവെ ഈ ഉദ്യോഗസ്ഥന് സ്ഥാനക്കയറ്റം നൽകുകയുണ്ടായോ; എങ്കിൽ ഏത് തീയതിയിൽ ഏത് തസ്തികയിൽ നിന്നും ഏത് തസ്തികയിലേക്ക് സ്ഥാനക്കയറ്റം നൽകിയെന്ന് വ്യക്തമാക്കാമോ; | (സി) | 25.02.2021-ലെ സ.ഉ.(കൈ) 8/2021/ഊ.വ. നമ്പർ സർക്കാർ ഉത്തരവ് പ്രകാരം 14 പ്രോഗ്രാം ഓഫീസർ തസ്തികകൾ നിർത്തലാക്കുകയും പ്രസ്തുത തസ്തികയിൽ ജോലി ചെയ്തിരുന്നവരെ ചീഫ് എഞ്ചിനീയർ, ഡെപ്യൂട്ടി ചീഫ് എഞ്ചിനീയർ, എക്സിക്യൂട്ടീവ് എഞ്ചിനീയർ എന്നീ പുതിയ തസ്തികകളിലേക്ക് പുനർവിന്യാസം (Mapping) ചെയ്യുകയുമുണ്ടായി. ഇപ്രകാരം ശ്രീ. ആർ. രാജേഷ് എന്ന പ്രോഗ്രാം ഓഫീസറെ 25.02.2021 തീയതി പ്രാബല്യത്തിൽ ഡെപ്യൂട്ടി ചീഫ് എഞ്ചിനീയർ ആയി പുനർവിന്യാസം ചെയ്തു. 19/03/2021 ലെ ജി.ഒ.(എം.എസ്.) നം.12/2021/ ഊ.വ. പ്രകാരം ഡെപ്യൂട്ടി ചീഫ് എഞ്ചിനീയർ തസ്തിക Additional Chief Technical Manager ആയി പുനർ നാമകരണം ചെയ്തിട്ടുണ്ട്. |
| (ഡി) | മേൽ തീയതിക്കു ശേഷം നടന്ന അച്ചടക്ക നടപടിയുടെ പുരോഗതി വിശദമാക്കാമോ; | (ഡി) | ടിയാനെതിരെ അച്ചടക്ക നടപടികൾ സ്വീകരിക്കുന്നതിന്റെ ഭാഗമായി 22.03.2021 ന് അനെർട്ട് ചീഫ് ഫിനാൻസ് ഓഫീസറെ എൻക്വയറി ഓഫീസർ ആയി നിയോഗിക്കുകയും 09.04.2021 തീയതിയിൽ ടിയാനെ നേരിട്ട് കേൾക്കുകയും വിശദീകരണം കൈപ്പറ്റുകയും ചെയ്തു. എൻക്വയറി ഓഫീസർ സമർപ്പിച്ച റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ശ്രീ. ആർ. രാജേഷിനെതിരെയുള്ള നടപടി നിർദ്ദേശം ഒഴിവാക്കണമെന്ന് 29.07.2021 ലെ ANERT-ADM/36/2019-OA1(HRM) നമ്പർ കത്ത് പ്രകാരം സർക്കാരിനോട് അഭ്യർത്ഥിച്ചിരുന്നു. ഇക്കാര്യത്തിൽ സ്വീകരിച്ച അച്ചടക്ക നടപടിയുടെ നിലവിലെ സ്ഥിതി അറിയിക്കുവാനും അച്ചടക്ക നടപടി തീർപ്പാക്കിയിട്ടുണ്ടെങ്കിൽ ആയതിന്റെ നടപടി റിപ്പോർട്ട് ലഭ്യമാക്കുവാനും ആവശ്യപ്പെട്ടിരുന്നു. തുടർന്ന് ശ്രീ. ആർ. രാജേഷിനെതിരെ കണ്ടെത്തിയ അപാകതകൾ അദ്ദേഹത്തിന്റെ കുറ്റമായി കാണാൻ |

| | | | |
|---|---|---|---|
| | | | കഴിയില്ല എന്ന എൻക്വയറി റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ടിയാനെതിരെയുള്ള നടപടി തീർപ്പാക്കിയ വിവരം അനെർട്ട് റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത റിപ്പോർട്ട് പരിശോധിച്ച് അനന്തര നടപടികൾ സ്വീകരിക്കുന്നതാണ്. |
| (ഇ) | ഇക്കാര്യത്തിൽ അനെർട്ടിന്റെ ഭാഗത്ത് നിന്നും വീഴ്ച സംഭവിച്ചതായി കരുതുന്നുണ്ടോ; എങ്കിൽ ഇക്കാര്യത്തിൽ എന്ത് തിരുത്തൽ നടപടി കൈക്കൊള്ളുമെന്ന് അറിയിക്കാമോ? | (ഇ) | ടിയാനെതിരെ അച്ചടക്ക നടപടികൾ സ്വീകരിക്കുന്നതിന്റെ ഭാഗമായി 22.03.2021 ന് അനെർട്ട് ചീഫ് ഫിനാൻസ് ഓഫീസറെ എൻക്വയറി ഓഫീസർ ആയി നിയോഗിക്കുകയും 09.04.2021 തീയതിയിൽ ടിയാനെ നേരിട്ട് കേൾക്കുകയും വിശദീകരണം കൈപ്പറ്റുകയും ചെയ്തു. എൻക്വയറി ഓഫീസർ സമർപ്പിച്ച റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ശ്രീ. ആർ. രാജേഷിനെതിരെയുള്ള നടപടി നിർദ്ദേശം ഒഴിവാക്കണമെന്ന് 29.07.2021 ലെ ANERT-ADM/36/2019-OA1(HRM) നമ്പർ കത്ത് പ്രകാരം സർക്കാരിനോട് അഭ്യർത്ഥിച്ചിരുന്നു. ഇക്കാര്യത്തിൽ സ്വീകരിച്ച അച്ചടക്ക നടപടിയുടെ നിലവിലെ സ്ഥിതി അറിയിക്കുവാനും അച്ചടക്ക നടപടി തീർപ്പാക്കിയിട്ടുണ്ടെങ്കിൽ ആയതിന്റെ നടപടി റിപ്പോർട്ട് ലഭ്യമാക്കുവാനും ആവശ്യപ്പെട്ടിരുന്നു. തുടർന്ന് ശ്രീ. ആർ. രാജേഷിനെതിരെ കണ്ടെത്തിയ അപാകതകൾ അദ്ദേഹത്തിന്റെ കുറ്റമായി കാണാൻ കഴിയില്ല എന്ന എൻക്വയറി റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ടിയാനെതിരെയുള്ള നടപടി തീർപ്പാക്കിയ വിവരം അനെർട്ട് റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത റിപ്പോർട്ട് പരിശോധിച്ച് അനന്തര നടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ